## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2344 | 12.02.2020 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നെറ്റ് വർക്കിന്റെ തകരാർ മൂലം വ്യാപാരികൾക്ക് യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. അത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | യഥാസമയം റിട്ടേൺ സമർപ്പിക്കാൻ കഴിയാത്തതുമൂലം വലിയ പിഴ നൽകേണ്ടി വരുന്ന സാഹചര്യം ഉണ്ടാകുന്നത് പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (ബി) | നിയമപ്രകാരം യഥാസമയം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ലേറ്റ് ഫീ നൽകുവാൻ നിയമപരമായി ബാധ്യതയുള്ളതാണ്. ഏതെങ്കിലും സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയം നീട്ടി നൽകുകയാണെങ്കിൽ ലേറ്റ് ഫീ പ്രസ്തുത കാലയളവിലേക്ക് ഒഴിവാക്കി നൽകാറുണ്ട്. |
| (സി) | സാങ്കേതിക തകരാറുകൾ മൂലം വ്യാപാരികൾക്ക് ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കാൻ കഴിയാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | സാങ്കേതിക തകരാറുകൾ സംബന്ധിച്ച പരാതികൾ GSTN പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നുണ്ട്. GSTN-നുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയം നീട്ടി നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**